കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നെടുവത്തൂർ ഗ്രാമപഞ്ചായത്ത് - തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കാൻ പോൾ ഒന്നിന് 100/- രൂപ - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.614/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 05.03.2018.

---

വായന : 1) നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018-ലെ കത്ത്
2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.50(ii) നമ്പർ യോഗതീരുമാനം

**ഉത്തരവ്**

28.12.2016-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് പോൾ ഒന്നിന് നിലവിലെ സർക്കാർ നിരക്കായ 75/- രൂപയിൽ നിന്ന് 100/- രൂപയാക്കി നിശ്ചയിച്ചിരുന്നു. ഈ നിരക്ക് ബാധകമാക്കണമെന്ന് വായന (1) പ്രകാരം നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് പോൾ ഒന്നിന് പരമാവധി 100/- രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം .
പ്രസിഡന്റ്/സെക്രട്ടറി, നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ